To God be the Glory

# Bethel Voice

A FORTNIGHTLY PUBLICATION OF BETHEL KERALA CHURCH

Vol. 01 | 19 Sept 2026 | (For Private Circulation)

Faith, Hope, Love

bethelvoicebkc@gmail.com  www.bethelkerala.ca  +1 (226) 402-3306, +1 (514) 660-9404

# സ്നേഹവും സൗഹൃദവും നിറഞ്ഞ ആത്മീയ കുടുംബസംഗമം....

“Fruitful Christian Life” എന്ന ചിന്താവിഷയത്തെ ആസ്പദമാക്കി ബേഥേൽ കേരള ചർച്ച് കാനഡയുടെ (BKC) നേതൃത്വത്തിൽ സംഘടിപ്പിച്ച രണ്ടുദിവസത്തെ കുടുംബ ക്യാമ്പ് നയാഗ്ര പട്ടണത്തിൽ അനുഗ്രഹകരമായി നടത്തപ്പെട്ടു. സഭയിലെ കുടുംബങ്ങളെ ആത്മീയമായി ശക്തിപ്പെടുത്തുകയും, ക്രിസ്തീയ ജീവിതത്തിൽ കൂടുതൽ ഫലപ്രദരായി വളരുന്നതിനും പരസ്പര സ്നേഹത്തിലും കൂട്ടായ്മയിലും മുന്നേറുന്നതിനും പ്രചോദനം നൽകുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ക്യാമ്പ് സംഘടിപ്പിച്ചത്.

ക്യാമ്പിന്റെ ഉദ്ഘാടനം സഭയുടെ സീനിയർ പാസ്റ്റർ Tijo Mathew നിർവഹിച്ചു. ക്രിസ്തീയ വിശ്വാസജീവിതം സഭാ പ്രവർത്തനങ്ങളിൽ മാത്രം ഒതുങ്ങുന്നതല്ലെന്നും, വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹത്തിലും ക്രിസ്തുവിന്റെ സ്വഭാവവും സ്നേഹവും പ്രകടമാകുന്ന തരത്തിൽ ഫലപ്രദമായ ജീവിതം നയിക്കണമെന്നും അദ്ദേഹം ഉദ്ഘാടന സന്ദേശത്തിൽ ഓർമ്മിപ്പിച്ചു. ദൈവവുമായി അടുത്ത ബന്ധം പുലർത്തുന്ന ജീവിതമാണ് ആത്മീയ ഫലപ്രാപ്തിയുടെ അടിസ്ഥാനം എന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.



Senior Pr. Tijo Mathew

പാസ്റ്റർ കോശി ഐസക്ക് അധ്യക്ഷത വഹിച്ച ആത്മീയ സംഗമത്തിൽ അനുഗ്രഹീത ദൈവ ദാസന്മാരായ പാസ്റ്റർ വിൽസൺ ചെറിയാൻ, പാസ്റ്റർ K.A. John എന്നിവർ “Fruitful Christian Life” എന്ന വിഷയത്തെ ആസ്പദമാക്കി ആഴമേറിയതും പ്രായോഗികവുമായ ക്ലാസുകൾ നയിച്ചു.



Pr. Koshy Issac



Pr. Wilson Cherian



Pr. K.A. John

ക്രിസ്തീയ ജീവിതത്തിൽ ആത്മീയ വളർച്ച എങ്ങനെ കൈവരിക്കാം, ദൈവവചനത്തോടുള്ള ബന്ധം എങ്ങനെ ശക്തിപ്പെടുത്താം, കുടുംബബന്ധങ്ങളിൽ ക്രിസ്തീയ മൂല്യങ്ങൾ എങ്ങനെ നിലനിർത്താം, ക്രിസ്തുവിൽ വേരൂന്നിയ ജീവിതത്തിലൂടെ എങ്ങനെ മറ്റുള്ളവർക്ക് അനുഗ്രഹമായി മാറാം തുടങ്ങിയ വിഷയങ്ങൾ ക്ലാസുകളിൽ വിശദമായി പ്രതിപാദിച്ചു.

ക്യാമ്പിലെ വിവിധ മീറ്റിംഗുകൾക്ക് പാസ്റ്റർ തോമസ് മാത്യു നേതൃത്വം നൽകി. പ്രാർത്ഥന, ആരാധന, ദൈവ വചനധ്യാനം എന്നിവയിലൂടെ ക്യാമ്പിൽ പങ്കെടുത്ത കുടുംബങ്ങൾക്ക് ദൈവസാന്നിധ്യം അനുഭവിക്കുവാനും ആത്മീയമായി പുതുക്കപ്പെടുവാനും അവസരം ലഭിച്ചു. തിരക്കേറിയ ജീവിതത്തിനിടയിൽ കുടുംബമായി ഒരുമിച്ച് ദൈവസന്നിധിയിൽ സമയം ചെലവഴിക്കുവാനും പരസ്പരം ആത്മീയമായി പ്രോത്സാഹിപ്പിക്കുവാനും ക്യാമ്പ് വഴിയൊരുക്കി.



Pr. Thomas Mathew

ക്യാമ്പിന്റെ ആത്മീയ അന്തരീക്ഷം കൂടുതൽ അനുഗ്രഹപ്രദമാക്കുന്നതിൽ ബ്രദർ സാം ഫിലിപ്പിന്റെ നേതൃത്വത്തിൽ ബേഥേൽ ഹാർമണി ആത്മീയ ആരാധനയിൽ നിർണായക പങ്കുവഹിച്ചു. ഹൃദയസ്പർശിയായ ഗാനങ്ങളിലൂടെയും സ്തുതിഗീതങ്ങളിലൂടെയും ക്വയർ ടീം ക്യാമ്പിൽ പങ്കെടുത്തവരെ ദൈവീക സാനിധ്യത്തിലേക്ക് നയിച്ചു. ആരാധനയിലൂടെ ദൈവത്തെ മഹത്വപ്പെടുത്തുന്നതിനൊപ്പം, വ്യക്തിപരമായ ആത്മീയ നവീകരണത്തിനും സമർപ്പണത്തിനും അത് വഴിയൊരുക്കി.

കുടുംബങ്ങൾ ഒന്നിച്ചുകൂടിയ ഈ സംഗമം ആത്മീയ പഠനത്തിന്റെയും ആരാധനയുടെയും മാത്രമല്ല, സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും കൂട്ടായ്മയുടെയും വേദിയായി മാറി. വിവിധ പ്രായത്തിലുള്ളവർക്ക് ഒരുമിച്ച് സമയം ചെലവഴിക്കാനും അനുഭവങ്ങൾ പങ്കുവെക്കാനും പരസ്പരം പ്രോത്സാഹിപ്പിക്കാനും സാധിച്ചു.




സ്നേഹവും കൂട്ടായ്മയും നിറഞ്ഞ ക്രമീകരണങ്ങൾ ക്യാമ്പിന്റെ ആത്മീക പരിപാടികൾക്ക് പുറമെ പങ്കെടുത്തവരുടെ മനസ്സിൽ മായാത്ത ഓർമ്മകൾ സമ്മാനിച്ച മറ്റൊരു പ്രധാന ഘടകം ഭക്ഷണ ക്രമീകരണം ആയിരുന്നു. ക്യാമ്പിൽ എത്തിയ ഓരോ കുടുംബത്തിനും സ്നേഹവും കരുതലും അനുഭവപ്പെടുന്ന തരത്തിലാണ് ഭക്ഷണം ഒരുക്കിയത്. രുചിയേറിയ വിഭവങ്ങളോടൊപ്പം ഒരുമിച്ചിരുന്ന് ഭക്ഷണം കഴിച്ച നിമിഷങ്ങൾ കുടുംബ ക്യാമ്പിന്റെ കൂട്ടായ്മയ്ക്ക് കൂടുതൽമാധുര്യം പകർന്നു. പരസ്പരം സംസാരിക്കുവാനും പുതിയ ആത്മീകസൗഹൃദങ്ങൾ സ്ഥാപിക്കുവാനും , പഴയ ബന്ധങ്ങൾ പുതുക്കുവാനും കുടുംബങ്ങൾ ആയി ഒരുമിച്ച് സമയം ചിലവഴിക്കുവാനുമുള്ള മനോഹരമായ അവസരങ്ങളായിമാറി. കൂടാതെ കുട്ടികളും യുവജനങ്ങളും മുതിർന്നവരും ഉൾപ്പെടെ സഭയിലെ കുടുംബങ്ങൾ സജീവമായി പങ്കെടുത്തത് ക്യാമ്പിന്റെ പ്രത്യേകതയായി.

“Fruitful Christian Life” എന്ന പ്രമേയം ക്യാമ്പിൽ പങ്കെടുത്ത ഓരോരുത്തരുടെയും ജീവിതത്തിലേക്ക് വ്യക്തിപരമായ ഒരു ആത്മീയ വെല്ലുവിളിയായി മാറി. ദൈവത്തിൽ വേരൂന്നി, ദൈവവചനത്തിൽ വളർന്ന്, പരിശുദ്ധാത്മാവിന്റെ നേതൃത്വത്തിൽ ക്രിസ്തുവിന്റെ സ്വഭാവം ജീവിതത്തിൽ പ്രകടിപ്പിക്കുകയും, മറ്റുള്ളവർക്ക് അനുഗ്രഹമായി മാറുകയും ചെയ്യുന്ന ഒരു ജീവിതമാണ് യഥാർത്ഥത്തിൽ ഫലപ്രദമായ ക്രിസ്തീയ ജീവിതമെന്ന സന്ദേശം ക്യാമ്പിലുടനീളം ഉയർന്നുനിന്നു. ക്യാമ്പിൽ കടന്നുവന്നവർക്ക് ബേഥേൽ കേരള ചർച്ച് ജനറൽ സെക്രട്ടറി ബ്രദർ. ജിജി ജോർജ് നന്ദി രേഖപ്പെടുത്തി.

രണ്ടു ദിവസത്തെ ഈ ആത്മീയ സംഗമത്തിൽ പങ്കെടുത്ത കുടുംബങ്ങൾക്ക് നവോന്മേഷവും ആത്മീയ ഉണർവ്വും, ചൈതന്യവും പകർന്നുനൽകി. ദൈവസന്നിധിയിൽ പുതുക്കപ്പെട്ട ഹൃദയങ്ങളോടെ, വിശ്വാസത്തിലും കുടുംബബന്ധങ്ങളിലും കൂടുതൽ ശക്തരായി, ക്രിസ്തുവിനായി ഫലപ്രദമായ ജീവിതം നയിക്കണമെന്ന തീരുമാനത്തോടെയാണ് ക്യാമ്പ് സമാപിച്ചത്.

ബേഥേൽ കേരള ചർച്ച് കാനഡയുടെ നേതൃത്വത്തിൽ നടന്ന ഈ കുടുംബ ക്യാമ്പും സംയുക്ത ആരാധനയും സഭയുടെ ആത്മീയ വളർച്ചയ്ക്കും കുടുംബങ്ങളുടെ ഐക്യത്തിനും വിശ്വാസജീവിതത്തിന്റെ ആഴം വർധിപ്പിക്കുന്നതിനും ഒരു അനുഗ്രഹകരമായ സംഗമമായി മാറി.



# എഡിറ്റോറിയൽ



പാസ്റ്റർ റ്റിജോ മാത്യു

## ഫലവത്തായ ക്രിസ്തീയ ജീവിതം

(Fruitful Christian Life)

> "വിശ്വാസത്താൽ ക്രിസ്തു നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കണമെന്നും നിങ്ങൾ സ്നേഹത്തിൽ വേരൂന്നിയവരും അടിസ്ഥാനപ്പെട്ടവരുമായി തീരണമെന്നും ഞാൻ പ്രാർത്ഥിക്കുന്നു."
>
> (എഫെസ്യർ 3:17)

പ്രിയപ്പെട്ട വായനക്കാർക്ക് യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹവന്ദനം,

ദൈവാനുഗ്രഹത്താൽ 'ബേഥേൽ വോയിസ്' എന്ന ഈ ക്രിസ്തീയ പ്രസിദ്ധീകരണത്തിന്റെ ആദ്യ പതിപ്പ് നിങ്ങളുടെ കരങ്ങളിലേക്ക് എത്തിക്കുവാൻ സാധിച്ചതിൽ ഞങ്ങൾ അത്യധികം സന്തോഷിക്കുന്നു. 'ബേഥേൽ' എന്നാൽ ദൈവത്തിന്റെ ഭവനം എന്നാണ് അർത്ഥം. ദൈവഭവനത്തിൽ നിന്നും പുറപ്പെടുന്ന പ്രത്യാശയുടെയും വിശ്വാസത്തിന്റെയും ശബ്ദമായി, ആത്മീയ മരുഭൂമിയിൽ ഒരു വഴികാട്ടിയായി മാറുക എന്നതാണ് ഈ എളിയ സംരംഭത്തിന്റെ ലക്ഷ്യം. നമ്മുടെ ഈ കന്നിപ്പതിപ്പിൽ നാം ചിന്താവിഷയമാക്കുന്നത് 'ഫലവത്തായ ക്രിസ്തീയ ജീവിതം' (Fruitful Christian Life) എന്ന വളരെ പ്രസക്തമായ ഒരു ആത്മീയ സത്യത്തെയാണ്. യോഹന്നാന്റെ സുവിശേഷം 15-ാം അധ്യായത്തിൽ യേശുക്രിസ്തു നമ്മെ ഓർമ്മിപ്പിക്കുന്നു: "ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു; ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായ്ക്കും; എന്നെ പിരിഞ്ഞു നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴികയില്ല."ഒരു ക്രിസ്തീയ ജീവിതം കേവലം ചടങ്ങുകളിലോ ആചാരങ്ങളിലോ ഒതുങ്ങേണ്ട ഒന്നല്ല. അത് ക്രിസ്തുവാകുന്ന യഥാർത്ഥ മുന്തിരിവള്ളിയോട് ചേർന്നുനിന്ന് നിരന്തരം ഫലം പുറപ്പെടുവിക്കേണ്ട ഒന്നാണ്.

മനുഷ്യനെ ഒരു വൃക്ഷത്തോടെ ഉപമിച്ചിരിക്കുന്നു, ഈ വൃക്ഷത്തെ നട്ടിരിക്കുന്നത് ആറ്റരികത്താണ്. ആ വൃക്ഷത്തിന് മാത്രമേ തക്കകാലത്ത് ഫലം കായ്ക്കുവാൻ സാധിക്കു. അതിന്റെ വേര് വെള്ളത്തിലേക്ക് ആഴ്ന്നിറങ്ങുന്ന ഇല വാടാത്ത വൃക്ഷമായി നിൽക്കും. ഇവിടെ മനുഷ്യനെ ഒരു വൃക്ഷത്തോട് ഉപമിചിരിക്കുമ്പോൾ തിരുവചനം ഇപ്രകാരം പറയുന്നു, വിശ്വാസത്താൽ ക്രിസ്തു നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കണം എന്നും നിങ്ങൾ സ്നേഹത്തിൽ വേരൂന്നിയവരും അടിസ്ഥാനപെട്ടവരുമായി തീരണം. അപ്പോൾ കർത്താവ് പ്രവർത്തിച്ചതുപോലെ അവൻ പ്രവർത്തിക്കുന്നു, കർത്താവ് നടന്നതുപോലെ അവൻ നടക്കുന്നു, കർത്താവ് ജീവിച്ചതുപോലെ അവൻ ജീവിക്കുന്നു. അങ്ങനെയാണ് ക്രിസ്തീയ ജീവിതം ഫലവത്തായി തീരുന്നത്. നാം ക്രിസ്തുവിൽ വസിക്കുമ്പോഴാണ് ഫലം പുറപ്പെടുവിക്കുന്നത്.

എന്താണ് ഈ ഫലങ്ങൾ? ഗലാത്യർക്ക് എഴുതിയ ലേഖനത്തിൽ അപ്പോസ്തലനായ പൗലോസ് വ്യക്തമാക്കുന്ന ആത്മാവിന്റെ ഫലങ്ങളാണ്, അത് സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം. ഇന്നത്തെ ആധുനിക ലോകത്ത്, ഭൗതികമായ വിജയങ്ങൾക്കും നേട്ടങ്ങൾക്കും പിന്നാലെ മനുഷ്യൻ പായുമ്പോൾ, ആത്മീയമായ ഫലശൂന്യത അവനെ വേട്ടയാടുന്നുണ്ട്. പുറമെ പച്ചപ്പുള്ളതായി തോന്നുമെങ്കിലും ആത്മീയമായി ഉണങ്ങിപ്പോയ അനേകം ജീവിതങ്ങളെ നമുക്ക് ചുറ്റും കാണാം. എന്നാൽ, ദൈവവചനമാകുന്ന ജീവനീരിലേക്ക് വേരുകളാഴ്ത്തി, പ്രാർത്ഥനയിലും ദൈവകൂട്ടായ്മയിലും ജീവിക്കുന്ന ഒരു വ്യക്തിക്ക് ഏതു വരണ്ട സാഹചര്യത്തിലും ഫലം പുറപ്പെടുവിക്കാൻ സാധിക്കും. അത് മറ്റുള്ളവർക്ക് തണലും ആശ്വാസവും നൽകുന്ന ജീവിതമായി മാറും. പ്രിയ ദൈവജനമേ, ഈ ആദ്യ പതിപ്പിലൂടെ 'ബേഥേൽ വോയിസ്' നിങ്ങളെ ഓർമ്മിപ്പിക്കുന്നത് ഇതാണ്: നമ്മുടെ ജീവിതം ദൈവത്തിന് പ്രസാദകരമായ നല്ല ഫലങ്ങൾ കായ്ക്കുന്നതാണോ എന്ന് നാം സ്വയം പരിശോധിക്കേണ്ടതുണ്ട്. നമ്മിൽ കയ്പുള്ള ഫലങ്ങളല്ല, മറിച്ച് ക്രിസ്തുവിന്റെ സ്നേഹമാകുന്ന മധുരമുള്ള ഫലങ്ങളാണ് ഉണ്ടാകേണ്ടത്. ഈ പത്രത്തിലുടനീളം അടങ്ങിയിരിക്കുന്ന ആത്മീയ ലേഖനങ്ങളും സാക്ഷ്യങ്ങളും ചിന്തകളും നിങ്ങളുടെ ആത്മീയ വളർച്ചയ്ക്കും ഫലവത്തായ ഒരു ജീവിതം നയിക്കുന്നതിനും പ്രചോദനമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ബേഥേൽ വോയിസിന്റെ ഈ പ്രയാണത്തിൽ നിങ്ങളുടെ പ്രാർത്ഥനയും സഹകരണവും ഞങ്ങൾ പ്രതീക്ഷിക്കുന്നു. ദൈവം നിങ്ങളെ ഏവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

വിശ്വാസത്തോടെ,

എഡിറ്റർ, ബേഥേൽ വോയിസ്.

## *ഡയകൊനൊസ് പിസ്റ്റോസായിരിക്കണം*



സുനിൽ കൊടിത്തോട്ടം

വിശുദ്ധ പൗലോസ് കൊലോസ്യ ലേഖനത്തിൽ തന്റെ സഹപ്രവർത്തകനായ എപ്പഫ്രാസിന് കൊടുക്കുന്ന ഒരു വിശേഷണമാണ് വിശ്വസ്ത ശുശ്രൂഷകൻ (കൊലോ.1:8) ഈ കാലഘട്ടങ്ങളിൽ വളരെ തെറ്റിദ്ധരിക്കപ്പെടുന്നതും വികല വ്യാഖ്യാനത്തിന് ഇരയായി തീരുന്നതുമായ ഒരു പദമാണ് ശുശ്രൂഷ. അതുകൊണ്ടുതന്നെ വിശ്വസ്ത ശുശ്രൂഷകൻ എന്ന വിഷയം ആനുകാലികമായി വിലയിരുത്തപ്പെടേണ്ടതാണ്. ഈ വിഷയത്തെ രണ്ട് ഭാഗങ്ങളായി തിരിച്ചുകൊണ്ടുള്ള ഒരു വിശദീകരണത്തിനും പഠനത്തിനുമാണ് ലേഖകൻ ശ്രമിക്കുന്നത്. 1. വിശ്വസ്തൻ 2. ശുശ്രൂഷകൻ

**വിശ്വസ്തൻ** എന്നതിനും വിശ്വാസം എന്നതിനും ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്നത് പിസ്റ്റിസ് എന്ന ഒരു പദമാണ്. ( ശുശ്രൂഷകൻ എന്നതിന് പിസ്റ്റോസ് എന്ന പദവും ഉപയോഗിക്കാം) ഈ പദം പുതിയ നിയമത്തിൽ കർതൃത്വത്തിലും കർമ്മാർത്ഥത്തിലും ആണ് ഉപയോഗിച്ചിരിക്കുന്നത്. കർതൃത്വത്തിലും വിശ്വാസം എന്നും കർമ്മാർത്ഥത്തിൽ വിശ്വാസ്യത എന്നും. ഒരുവന്റെ പ്രവർത്തിയിലൂടെ അഥവാ കർമ്മത്തിലൂടെ വേണം അവന്റെ വിശ്വസ്തത തെളിയിക്കപ്പെടേണ്ടത് എന്ന് അർത്ഥം. പ്രവർത്തിയില്ലാത്ത വിശ്വാസത്തിന്റെ നിർജീവത്വം എന്ന യാക്കോബിന്റെ ഉപദേശം ഇതിനോട് ചേർത്ത് വായിക്കാവുന്നതാണ്.

പൗലോസിന്റെ എഴുത്തുകളിൽ താൻ വിശ്വസ്തൻ എന്ന് ഏറ്റവും കൂടുതൽ വിശേഷിപ്പിച്ചത് ദൈവത്തെ തന്നെയാണ്. പൗലോസ് തന്റെ സ്വന്തം പ്രവർത്തിയിലെ സത്യസന്ധത തെളിയിക്കാൻ സാക്ഷിയായി നിർത്തുന്നത് പോലും ദൈവത്തെയാണ്. കാരണം ദൈവം വിശ്വസ്തനാണ് (2 കൊരി 1:17, 18). തന്റെ ലേഖനങ്ങളിൽ ഉടനീളം കർത്താവ് വിശ്വസ്തൻ,ദൈവം വിശ്വസ്തൻ എന്ന് ആവർത്തിച്ച് ഉദ്ധരിക്കുന്നുണ്ട് (1 കൊരി.1:9;10:11;2 തെസ്സ. 3:3) ദൈവം തന്റെ എല്ലാ പ്രവർത്തികളിലും വിശ്വസ്തനാണ് എന്ന് വിശുദ്ധ വേദപുസ്തകം വ്യക്തമാക്കുന്നതാൽ നാമും നമ്മുടെ പ്രവർത്തികളിലും ജീവിതത്തിലും വിശ്വസ്തരായിരിക്കണം.

ആത്മീയ ജീവിതത്തിന്റെ ഫലങ്ങളിൽ ഒന്നാണ് വിശ്വസ്തത എന്ന് പൗലോസ് ചൂണ്ടിക്കാണിക്കുന്നു (ഗലാ.5:22). മാത്രമല്ല തന്റെ എഴുത്തുകളിൽ ഈ ഫലമുള്ള സഹപ്രവർത്തകരുടെ ഒരു നിരയെ പരിചയപ്പെടുത്തുന്നുമുണ്ട്.

1. വിശ്വസ്ത ശുശ്രൂഷകനായ എപ്പഫ്രാസ് (കൊലോ.1:8)
2. കർത്താവിൽ വിശ്വസ്തനായ തിമോഥെയോസ് (1 കൊരി. 4:17)
3. വിശ്വസ്തനായ ഒനേസിമോസ് (കൊലോ. 4:9)
4. വിശ്വസ്ത ശുശ്രൂഷകനായ തിഹിക്കോസ് (കൊലോ. 4:7)
5. കൊലോസ്യയിലെ വിശ്വസ്ത സഹോദരന്മാർ (കൊലോ. 4:7)
6. ദൈവം വിശ്വസ്തൻ എന്ന് തന്നെ എണ്ണുന്നു എന്നും പൗലോസ് പ്രഖ്യാപിക്കുന്നു(1 തിമോ. 1:12)

**ശുശ്രൂഷകൻ**- ഗ്രീക്കിൽ ഡയകൊനൊസ് എന്ന പദമാണ് ഡീക്കൺ അഥവാ ശുശ്രൂഷകൻ എന്നതിന് ഉപയോഗിച്ചിരിക്കുന്നത്. പുതിയ നിയമത്തിൽ മുപ്പതോളം ഇടങ്ങളിൽ ഈ പദം ഉപയോഗിക്കുമ്പോൾ തന്നെ ഡയകൊനെയോ ( ശുശ്രൂഷിക്കുക ) ഡയകൊനിയ ( ശുശ്രൂഷ ) എന്നീ അനുബന്ധ പദങ്ങളും എഴുപതോളം പ്രാവശ്യം പുതിയ നിയമത്തിൽ ഉണ്ട്. ഏതാണ്ട് 100 പ്രാവശ്യം പുതിയനിയമത്തിൽ മാത്രം ആവർത്തിച്ച് ഉദ്ധരിക്കുന്ന പദമാണിത്.

ആദ്യ ഭാഗങ്ങളിൽ ഒരു ഔദ്യോഗിക നാമമായി ഈ പദത്തെ കാണുന്നില്ല എന്നാൽ പിൽക്കാലത്ത് ഒരു ഔദ്യോഗിക നാമമായി ഇത് മാറുന്നത് അപ്പൊസ്തലപ്രവർത്തി ആറാം അധ്യായത്തിലാണ്. ശുശ്രൂഷകന്മാരുടെ തിരഞ്ഞെടുപ്പിനെ കുറിച്ച് ആദിമസഭയിലെ ആദ്യ പരാമർശമാണിത്. സാധുക്കളുടെയും വിധവമാരുടെയും ദൈനംദിന ജീവിതാവശ്യങ്ങളെ ശ്രദ്ധിക്കേണ്ടതിനു വേണ്ടിയാണ് ഈ ഏഴ് പേരെ തിരഞ്ഞെടുത്തത്. ഇതുകൊണ്ട് സഭയ്ക്ക് ലഭ്യമായ ആത്മീയ നേട്ടം അപ്പൊസ്തലൻമാർക്ക് പ്രാർത്ഥനയിലും വചന ശുശ്രൂഷയിലും ഉറ്റിരിപ്പാൻ കഴിഞ്ഞു എന്നതാണ്. എന്നാൽ ഇവരുടെ സേവനം കേവലം ഭൗതിക മേഖലകളിൽ മാത്രമല്ല എന്ന് വ്യക്തമാക്കുന്നതായിരുന്നു ആദ്യ രക്തസാക്ഷി സ്തേഫാനോസിന്റെയും സുവിശേഷകൻ ഫിലിപ്പോസിന്റെയും തുടർചരിത്രം.

പൗലോസിന്റെ എഴുത്തുകളിൽ ഇതൊരു ഔദ്യോഗിക നാമമായി പരിഗണിക്കപ്പെട്ടു എന്ന് മനസ്സിലാക്കാം. ഫിലിപ്പ്യ സഭയിലെ ശുശ്രൂഷകന്മാരെ വന്ദനം ചെയ്യുന്ന പൗലോസ് (ഫിലി.1:1) തിമോഥെയോസിന്റെ ഒന്നാം ലേഖനത്തിൽ ശുശ്രൂഷകന്റെ യോഗ്യതകളെ കുറിച്ച് വ്യക്തമായി വിശദീകരണം നൽകുന്നുമുണ്ട് (1 തിമോ.3:8-10). യവനായ കാലഘട്ടങ്ങളിൽ ക്ഷേത്രങ്ങളിലെ ഉദ്യോഗസ്ഥരെ ഈ പദം കൊണ്ട് വിവക്ഷിച്ചിരുന്നു. ഡയകൊനൊസ് ഒരു സേവകനാണ്. അർത്ഥം മേശയിൽ സേവനം ചെയ്യുന്നത് അഥവാ പരിചാരകൻ. ഒരു പദവി എന്നതിനേക്കാൾ ഒരു സേവനം എന്ന അർത്ഥത്തിൽ ഇത് നോക്കി കാണുന്നതാണ് ഉചിതം.

ശുശ്രൂഷയുടെ മൂല്യം നാം തിരിച്ചറിയുന്നത് ഈ ശുശ്രൂഷ ആരുടേതാണെന്ന് അറിയുമ്പോഴാണ്.

1. രാജാവിന്റെ ശുശ്രൂഷകൻ (മത്താ.22: 13)
2. ദൈവത്തിന്റെ ശുശ്രൂഷകൻ (1 തെസ്സ.3:2)
3. ക്രിസ്തുവിന്റെ ശുശ്രൂഷകൻ (കൊലോ.1:7)
4. സുവിശേഷത്തിന്റെ ശുശ്രൂഷകൻ (കൊലോ.1:23)
5. സഭയുടെ ശുശ്രൂഷകൻ (കൊലോ.1:25 )

ഇന്ന് ആത്മീയ ശുശ്രൂഷകർ കാട്ടിക്കൂട്ടുന്ന എല്ലാ കോപ്രായങ്ങളും പൊതുശുശ്രൂഷകൻ എന്ന പേരുകളിൽ അരങ്ങു വാഴുമ്പോൾ, സാത്താൻ അവന്റെ സകല തന്ത്രങ്ങളുമായി യഥാർത്ഥ ശുശ്രൂഷകളെ അട്ടിമറിക്കാൻ കിണഞ്ഞ് ശ്രമിക്കുമ്പോൾ, പുതിയ നിയമം അനുശാസിക്കുന്ന ശുശ്രൂഷ എന്താണെന്ന് നാം തിരിച്ചറിയണം. നാം ഒരു പ്രസ്ഥാനത്തിന്റെയും ശുശ്രൂഷകനല്ല. ഭൂമിയിലുള്ള ഒരു വ്യക്തിയും അല്ല നമ്മെ ശുശ്രൂഷയ്ക്ക് നിയമിച്ചിരിക്കുന്നത് എന്ന ബോധ്യതയ്ക്കൊപ്പം രാജാവിന്റെയും, ദൈവത്തിന്റെയും, ക്രിസ്തുവിന്റെയും, സുവിശേഷത്തിന്റെയും, സഭയുടെയും, ശുശ്രൂഷകരാണ് നാം എന്ന് വിശുദ്ധ തിരുവെഴുത്തിനെ അടിസ്ഥാനമാക്കി തിരിച്ചറിഞ്ഞു കൊണ്ട് ദൈവം ആഗ്രഹിക്കുന്ന നിലയിൽ ദൈവവചന പ്രകാരം നല്ലവനും വിശ്വസ്തനുമായ ദാസനെ എന്ന വിളിക്ക് അർഹരായി തീരുവാൻ വിശ്വസ്ത ശുശ്രൂഷകരായി നാം മാറണം. മറക്കരുത് ഡയകൊനൊസ് പിസ്റ്റോസായിരിക്കണം.

# The Little Angel

Bible Verse: Proverbs 10:9

"Whoever walks in integrity walks securely."

The Vacation Bible School (VBS), specially organized for children as part of the family camp, emerged as one of the most significant and memorable ministries of the two-day event. Designed to provide children with an engaging introduction to the teachings of the Bible, the program combined age-appropriate Bible lessons, stories, songs, games and creative activities.

The VBS was organized under the theme "Fruit Punch," inspired by the concept of living a "Fruitful Christian Life." Led by Brother Joyan Wilson Cherian, the program featured a specially composed theme song and distinctive dance movements that generated great enthusiasm among the children. Engaging Bible stories, along with a variety of creative and artistic presentations, further enriched the program and created a lively and joyful atmosphere. The dedicated efforts, unity and spirit of love demonstrated by Joshua Wilson Cherian and the brothers and sisters who served as volunteers were particularly commendable and contributed significantly to the success of the VBS.

The VBS sessions placed strong emphasis on the children's spiritual development. Through simple, meaningful lessons, participants were encouraged to develop a deeper love for God, grow closer to Jesus Christ, and learn to live according to the teachings of God's Word. Christian values, including prayer, respect for parents, love, patience, compassion and honesty, were presented in ways that were both accessible and memorable for the young participants.



Worship and action songs were among the program's highlights, generating enthusiasm and active participation among the children. They eagerly sang, clapped and joined in various activities alongside their teachers. Bible stories and messages were presented in a manner suited to the children's age and level of understanding, enabling them to engage meaningfully with each session.

The program also provided an important opportunity for children from different families to meet, interact and form new friendships. Through shared learning, games and worship, the VBS helped strengthen fellowship among the children and contributed to a lively and welcoming atmosphere throughout the family camp. For children who attended the camp with their parents, the program provided a dedicated space where they could learn, worship and enjoy fellowship with others of their age.

The children's enthusiasm was evident throughout the program, both in their participation and in their responses. Several children expressed their appreciation for the opportunity to study the Bible, learn new songs, play together and experience God's love in a joyful environment. Many also spoke with excitement about sharing the new songs, Bible stories and memorable moments with their friends and parents after returning home.

Organizers said the VBS served not only as a source of joy and fellowship but also as an important foundation for the children's spiritual growth. While the family camp offered adults and families opportunities for spiritual reflection and renewal, the VBS created a special environment where children could learn, worship and grow in their faith in ways appropriate to their age.

Even after the camp ended, the children continued to recall their VBS experiences with enthusiasm. The program left them with lasting memories of worship, learning, friendship and fellowship, making the VBS a particularly meaningful and unforgettable part of the family camp.



## The Lost School Bag



Pr. Binu vadasserikkara
Excel Ministries

A boy named Samuel was walking home from school when he saw a school bag lying beside the road. He picked it up. Inside were several books, a lunch box, and a small envelope containing money.

Samuel looked around, but nobody was there.

His friend said, "Keep the money! Nobody knows that you found it."

Samuel thought about it. He really wanted the money. He could buy the toy he had been asking his parents for. But then he remembered what his mother always told him:

"Doing the right thing is more important than getting what you want."
Samuel took the bag home and showed it to his mother.

The next morning, he went to school and asked the teacher if anyone had lost a bag. A little boy named Thomas came running.

"My bag! I thought I would never find it!"

Thomas looked inside. "Everything is here!" Then he began to cry.

Samuel asked, "Why are you crying?"

Thomas replied, "The money is for my mother's medicine. I thought it was gone."

Samuel felt happy that he had returned the bag.

The teacher called Samuel forward and said, Samuel didn't receive a prize. He received something better—a peaceful heart.

**Moral: Honesty is doing what is right even when you have the opportunity to do wvhat is wrong.**

NAME:



## BKC Upcoming Programs...

### Strings Of Hope




An evening of Worship, Music & Testimony
Saturday, October 10, 2026

7:00 PM – 9:00 PM

### Fasting Prayer

October 2nd, 3rd & 4th - 2026

### 21 Days Fasting Prayer

November 30 to December 20, 2026

## Church Activities

**Sunday Worship**
10:45 AM - 1:00 PM

**Friday Fasting Prayer**
10:30 AM - 12:30 PM

**Cottage Meeting**
Saturday 7:30 PM - 9:00PM

**All Night Prayer** (Monthly)
Friday 9:30 PM - 4:00 AM

**Bible Study**
Wednesday 8:00 PM - 9:00PM

**Men's Fellowship** (Monthly)

**Women's Fellowship** (Monthly)

**Kid's Fellowship** (Saturday)

**Sunday School** - 9:30 AM - 10:30 AM

**Bethel Prayer Warriors** (Women's)
Everyday 11:00 AM - 12:00 PM

**Revival Daily Prayer**
Everyday 9:30 PM - 10:00 PM

**Youth Meeting** (Monthly)



നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ വിലയേറിയ നാമത്തിൽ സ്നേഹവന്ദനം! ബെഥേൽ വോയ്സ് ആരംഭിക്കുന്നതിൽ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ. “സുവിശേഷം അറിയിക്കുന്നവരുടെ പാദങ്ങൾ എത്ര മനോഹരം!” (റോമർ 10:15). ബെഥേൽ വോയ്സിലൂടെ ദൈവത്തിന്റെ സത്യം പ്രസ്താവിക്കപ്പെടാനും വിശ്വാസികൾ ആത്മീയമായി ബലപ്പെടാനും പ്രത്യാശ അന്വേഷിക്കുന്നവർ ക്രിസ്തുവിലേക്ക് നയിക്കപ്പെടാനും കർത്താവ് ഇടയാക്കട്ടെ.
സത്യസന്ധതയോടെ എഴുതുവാനുള്ള ജ്ഞാനവും സ്നേഹത്തോടെ സത്യം പറയുവാനുള്ള ധൈര്യവും ഈ ദർശനത്തിൽ പങ്കുചേരാൻ വിശ്വസ്തരായ സഹപ്രവർത്തകരെയും ദൈവം നൽകട്ടെ. കർത്താവിന്റെ പ്രസാദം നിങ്ങളിൽ വസിക്കുകയും നിങ്ങളുടെ കൈകളുടെ പ്രവൃത്തിയെ അവിടുന്ന് സാദ്ധ്യമാക്കിതരികയും ചെയ്യട്ടെ (സങ്കീർത്തനം 90:17). ബെഥേൽ വോയ്സ് അനേകരെ യേശുക്രിസ്തുവിലേക്ക് നയിക്കുന്ന ഒരു വെളിച്ചമായിത്തീരട്ടെ.

Pr. Thomas Mathew
BKC



“ഇന്നത്തെ മാറിക്കൊണ്ടിരിക്കുന്ന ലോകത്തിൽ, ക്രിസ്തീയ മൂല്യങ്ങൾ മുറുകെപ്പിടിച്ചുകൊണ്ട് വിശ്വാസികൾക്ക് ആത്മീയ ഉണർവേകാനും സൽവാർത്തകൾ ജനങ്ങളിലേക്ക് എത്തിക്കാനും ഈ മാധ്യമത്തിന് സാധിക്കട്ടെ. വായനക്കാരുടെ ഹൃദയങ്ങളിൽ ദൈവസ്നേഹത്തിന്റെ വെളിച്ചം നിറയ്ക്കാൻ ബഥേൽ വോയിസിന്റെ ഓരോ പതിപ്പിനും കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഈ ശുശ്രൂഷയ്ക്ക് പിന്നിൽ പ്രവർത്തിക്കുന്ന എല്ലാവരെയും സർവ്വശക്തനായ ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ. പത്രത്തിന്റെ തുടർയാത്രയിൽ കൂടുതൽ വിജയങ്ങളും ദൈവകൃപയും ഉണ്ടാകട്ടെയെന്ന് ആശംസിക്കുന്നു.”

Pr. Koshy Issac
BKC



“അക്ഷരങ്ങൾ വെളിച്ചമാകുന്ന ലോകത്ത്, നന്മയുടെയും സത്യത്തിന്റെയും നേർക്കാഴ്ചകളിലേക്ക് വായനക്കാരെ നയിക്കുന്ന കനൽവഴിയാവട്ടെ ബഥേൽ വോയിസ്. ചിന്തകൾക്ക് ചിറകും, വാക്കുകൾക്ക് മൂർച്ചയും നൽകി ഈ അക്ഷരയാത്ര ഇനിയും ഒരുപാട് ദൂരം മുന്നോട്ട് പോകട്ടെ. ബഥേൽ വോയിസിന് ഹൃദയം നിറഞ്ഞ ആശംസകൾ.”

Gigi Grace George
BKC General Secretary



ദൈവത്തിന്റെ അളവറ്റ കൃപയാലും അനുഗ്രഹത്താലും നമ്മുടെ സഭയുടെ ഈ മാഗസിൻ പ്രസിദ്ധീകരിക്കുന്നതിൽ അതിയായ സന്തോഷവും ദൈവത്തോടുള്ള നന്ദിയും രേഖപ്പെടുത്തുന്നു. ഒരു മാഗസിൻ എന്നതിലുപരി, നമ്മുടെ സഭയുടെ വിശ്വാസയാത്രയുടെയും ദൈവം നമ്മിലൂടെ ചെയ്ത അത്ഭുതകരമായ പ്രവർത്തനങ്ങളുടെയും, ഒരുമിച്ച് പങ്കിട്ട അനുഭവങ്ങളുടെയും, വരും തലമുറയ്ക്കുള്ള പ്രത്യാശയുടെയും ഒരു ഓർമ്മപ്പതിപ്പായി ഇത് മാറട്ടെ. ഈ മാഗസിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു. “ആകയാൽ എന്റെ പ്രിയ സഹോദരന്മാരേ, നിങ്ങൾ ഉറപ്പുള്ളവരും കുലുങ്ങാത്തവരും നിങ്ങളുടെ പ്രയത്നം കർത്താവിൽ വ്യർത്ഥമല്ല എന്നു അറിഞ്ഞിരിക്കയാൽ കർത്താവിന്റെ വേലയിൽ എപ്പോഴും വർദ്ധിച്ചുവരുന്നവരും ആകുവിൻ” എന്ന വചന പ്രകാരം കർത്താവിന്റെ വേലയിൽ നമുക്ക ദിനംപ്രതി വർധിച്ചു വരുവാൻ സർവ്വകൃപാലുവായ ദൈവം സഹായിക്കട്ടെ. ഈ മാഗസിൻ അനേകർക്ക് അനുഗ്രഹത്തിനും പ്രചോദനത്തിനും ആത്മീയ ഉണർവിനും കാരണമാകട്ടെ എന്ന് ആത്മാർത്ഥമായി ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. കർതൃ നാമം മാത്രം മഹാത്വപ്പെടട്ടെ, സ്നേഹപൂർവ്വം,

Sam Philip
BKC Administrator



“സത്യത്തിന്റെയും സ്നേഹത്തിന്റെയും സുവിശേഷത്തിന്റെയും ശബ്ദമായി ഈ പ്രസിദ്ധീകരണം ഇനിയും അനേകം ജീവിതങ്ങൾക്ക് അനുഗ്രഹമാകട്ടെ.”

Thomas Daniel
BKC Treasurer

## ഇവാൻ റോബർട്ട്സ് –
### “വെയിൽസ് ആത്മീയ ഉണർവിന്റെ പ്രാർത്ഥനാവീരൻ”



ഇവാൻ റോബർട്ട്സ് (Evan Roberts, 1878–1951) വെയിൽസ് ആത്മീയ ഉണർവിന്റെ (Welsh Revival) പ്രധാന നേതാക്കളിൽ ഒരാളായിരുന്നു. ദൈവസാന്നിധ്യത്തിനും ആത്മീയ ഉണർവിനുമായി ആഴമായ പ്രാർത്ഥനാജീവിതം നയിച്ച അദ്ദേഹം, തന്റെ ഇരുപത്താറാം വയസ്സിൽ ദൈവത്തിന്റെ ശക്തമായ ഉപയോഗത്തിനായി സമർപ്പിക്കപ്പെട്ടു.

1878 ജൂൺ 8-ന് വെയിൽസിലെ ലോഗോർ (Loughor) എന്ന സ്ഥലത്ത് ഒരു കൽക്കരി ഖനി തൊഴിലാളി കുടുംബത്തിലാണ് ഇവാൻ റോബർട്ട്സ് ജനിച്ചത്. ചെറുപ്പം മുതലേ ബൈബിളിനോടും പ്രാർത്ഥനയോടും അദ്ദേഹത്തിന് വലിയ താൽപര്യമുണ്ടായിരുന്നു. പിതാവിന് ഖനിയിൽ അപകടമുണ്ടായതിനെ തുടർന്ന് കുടുംബത്തെ സഹായിക്കാനായി പഠനം നിർത്തി ഖനിയിൽ ജോലി ചെയ്യേണ്ടിവന്നു. എങ്കിലും ജോലിക്കിടയിലും അദ്ദേഹം ബൈബിൾ വായിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.

ഏകദേശം പന്ത്രണ്ടാം വയസ്സുമുതൽ പരിശുദ്ധാത്മാവിന്റെ ശക്തിയും ആത്മീയ ഉണർവും ലഭിക്കണമെന്ന ആഗ്രഹത്തോടെ അദ്ദേഹം പ്രാർത്ഥിക്കാൻ തുടങ്ങി. വർഷങ്ങളോളം തുടർന്ന ഈ പ്രാർത്ഥനാജീവിതം പിന്നീട് അദ്ദേഹത്തിന്റെ ശുശ്രൂഷയുടെ അടിത്തറയായി. വെയിൽസിലെ ജനങ്ങളുടെ ആത്മീയ ഉണർവിനായി അദ്ദേഹം പ്രത്യേകമായി പ്രാർത്ഥിച്ചിരുന്നതായി അദ്ദേഹത്തിന്റെ ജീവിതചരിത്രങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

1904-ൽ ദൈവശുശ്രൂഷയ്ക്കായി പരിശീലനം നേടുന്നതിനിടയിൽ അദ്ദേഹത്തിന് ശക്തമായ ആത്മീയ അനുഭവങ്ങൾ ഉണ്ടായി. “Lord, bend us” — “കർത്താവേ, ഞങ്ങളെ കീഴ്പ്പെടുത്തണമേ” എന്ന പ്രാർത്ഥന അദ്ദേഹത്തിന്റെ ജീവിതത്തിൽ വലിയ സ്വാധീനം ചെലുത്തി. സ്വന്തം നാട്ടിലെ യുവാക്കളോട് സുവിശേഷം പങ്കുവെക്കണമെന്ന ആഹ്വാനം ലഭിച്ചതായി അദ്ദേഹം വിശ്വസിച്ചു.

1904 ഒക്ടോബർ 31-ന് ലോഗോറിലെ യുവാക്കളോടൊപ്പം ആരംഭിച്ച ചെറിയ യോഗം പിന്നീട് വലിയ ആത്മീയ ഉണർവിന് തുടക്കമായി. അദ്ദേഹത്തിന്റെ ലളിതമായ സന്ദേശങ്ങളും പ്രാർത്ഥനകളും ജനങ്ങളിൽ പാപബോധവും മാനസാന്തരത്തിനുള്ള ആഗ്രഹവും ഉണർത്തി. വളരെ വേഗത്തിൽ ഈ ആത്മീയ പ്രസ്ഥാനം വെയിൽസിലെ വിവിധ പ്രദേശങ്ങളിലേക്ക് വ്യാപിക്കുകയും നിരവധി ആളുകൾ സഭകളിലേക്ക് എത്തുകയും ചെയ്തു.

എന്നാൽ തുടർച്ചയായ യോഗങ്ങളും യാത്രകളും വലിയ മാനസിക-ശാരീരിക സമ്മർദ്ദവും അദ്ദേഹത്തിന്റെ ആരോഗ്യത്തെ ബാധിച്ചു. 1906-ഓടെ അദ്ദേഹം കടുത്ത തളർച്ചയിലായി, തുടർന്ന് പൊതുശുശ്രൂഷയിൽ നിന്ന് പിന്മാറി. പിന്നീട് അദ്ദേഹം കൂടുതലായി ഏകാന്തതയിലും പ്രാർത്ഥനയിലും എഴുത്തിലും സമയം ചെലവഴിച്ചു. പഴയതുപോലെ വലിയ പൊതുയോഗങ്ങളിൽ അദ്ദേഹം സജീവമായി തിരിച്ചെത്തിയില്ല.

1951 ജനുവരി 29-ന് 72-ാം വയസ്സിൽ ഇവാൻ റോബർട്ട്സ് അന്തരിച്ചു. ജീവിതത്തിന്റെ അവസാന വർഷങ്ങളിൽ അദ്ദേഹം പൊതുജനശ്രദ്ധയിൽ നിന്ന് ഏറെ അകന്നുനിന്നെങ്കിലും, 1904–05 കാലത്തെ വെയിൽസ് ഉണർവിലെ അദ്ദേഹത്തിന്റെ പങ്ക് സഭാചരിത്രത്തിൽ ശ്രദ്ധേയമായി തുടരുന്നു. വലിയ പ്രസംഗകനെന്നതിലുപരി പ്രാർത്ഥന, ആത്മീയ ഉണർവ്, ദൈവത്തോടുള്ള സമർപ്പണം എന്നിവയ്ക്ക് പ്രാധാന്യം നൽകിയ വ്യക്തിയായാണ് ഇവാൻ റോബർട്ട്സ് ഓർമ്മിക്കപ്പെടുന്നത്.

“പ്രിയരേ ഉണർവിന്നും നിലച്ചിട്ടില്ല. നാം പ്രാർത്ഥിക്കാൻ മുഴങ്കാൽ മടക്കിയാൽ ലോകരാജ്യങ്ങളെ നമ്മുടെ കയ്യിൽ തരും നമുക്ക് പ്രാർത്ഥിക്കാം ദൈവം പ്രവർത്തിക്കാൻ ശക്തനാണ് ഒരു തീരുമാനത്തോടെ മുന്നേറാം. കർത്താവ് അനുഗ്രഹിക്കട്ടെ.”

- Revival Prayer Warriors